# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :09.03.2026

## പത്രക്കുറിപ്പ്

## വൈദ്യുതി സേവനാവകാശങ്ങൾ പുതുക്കി നിശ്ചയിച്ചു

ഇലക്ട്രിസിറ്റി ആക്റ്റ് 2003ലെ സെക്ഷൻ 57 പ്രകാരം വൈദ്യുതി വിതരണ ലൈസൻസി . യുടെ പ്രവർത്തന മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്ന കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (സ്റ്റാൻഡേർഡ്സ ഓഫ് പെർഫോമൻസ് ഓഫ് ഡിസ്ട്രിബ്യൂഷൻ ലൈസൻസീസ്) റഗുലേഷൻസ്, 2015ന്റെ ഒന്നാം ഭേദഗതി കമ്മീഷൻ 2026 മാർച്ച് 5ന് പ്രസിദ്ധീകരിച്ചു. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്, ഉപഭോക്തൃ സൗഹൃദം, വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരം വിവിധ സേവനങ്ങൾ ലഭ്യമാക്കേണ്ട സമയക്രമം എന്നിവ മെച്ചപ്പെടുത്തുന്നതിനാവശ്യമായ കാതലായ മാറ്റങ്ങളാണ് പുതിയ റഗുലേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

വിവിധ സേവനങ്ങൾ ലൈസൻസി കൂടുതൽ വേഗത്തിൽ നല്കുന്നതിനായി സേവനങ്ങൾ നൽകാൻ പരമാവധി എടുക്കാവുന്ന സമയക്രമത്തിൽ വലിയ കുറവു വരുത്തിയിട്ടുണ്ട്. സേവനങ്ങൾ യഥാസമയം ലഭിക്കാത്തപക്ഷം ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാരം ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത നഷ്ടപരിഹാരം അർഹരായ ഉപഭോക്താക്കൾ പ്രത്യേകമായി ആവശ്യപ്പെടാതെ തന്നെ ഓട്ടോമാറ്റിക്ക് ആയി ഉപഭോക്താവിന്റെ ബില്ലിൽ വരവ് വയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പുതിയ വൈദ്യുതി കണക്ഷനുള്ള അപേക്ഷ, വിച്ഛേദിച്ച വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കൽ തുടങ്ങിയ ഒൻപത് സേവനങ്ങൾക്കാണ് (പുതിയ കണക്ഷൻ , താൽക്കാലിക കണക്ഷൻ, സീസണൽ കണക്ഷൻ, കണക്റ്റഡ് ലോഡ് അല്ലെങ്കിൽ കോൺട്രാക്റ്റ് ഡിമാൻഡ് വർദ്ധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്യുക, സർവ്വീസ് കണക്ഷൻ മാറ്റം / കൈമാറ്റം, സർവ്വീസ് കണക്ഷൻ കൺവേർഷൻ / മാറ്റം വരുത്തൽ, വിഭാഗം മാറ്റം, ഉപഭോക്താവിന്റെ അഭ്യർത്ഥന പ്രകാരം വൈദ്യുതി ബന്ധം വിച്ഛേദിക്കൽ, ബില്ലുകൾ അടയ്ക്കാത്തതിനാൽ വിച്ഛേദിച്ച കണക്ഷൻ പുന:സ്ഥാപിക്കൽ, സർവ്വീസ് അവസാനിപ്പിക്കുമ്പോൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകൽ) ഇപ്രകാരം ഓട്ടോമാറ്റിക്കായി നഷ്ടപരിഹാരം വകവച്ചു നൽകുന്നത്. ഇതുകൂടാതെ ഉള്ള സേവനങ്ങളിൽ വീഴ്ചവന്നാൽ നഷ്ടപരിഹാരം ആവശ്യപ്പെടുന്നതിനായി ഒരു പ്രത്യേക ഓൺലൈൻ പോർട്ടൽ ലൈസൻസി സജ്ജമാക്കേണ്ടതാണ്. ഇതിലൂടെ വിവിധ

അപേക്ഷകളുടെ നിജസ്ഥിതി പിന്തുടരാനും (Tracking), എടുത്ത തീരുമാനം അറിയാനും, അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത നഷ്ടപരിഹാര തുകയുടെ വിശദാംശങ്ങൾ മനസ്സിലാക്കാനും സാധിക്കും. എല്ലാ ഉപഭോക്താക്കൾക്കും 24X7 തടസ്സമില്ലാത്ത വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിനും (ചട്ടങ്ങൾ 1എ, 1ബി), ഡീസൽ ജനറേറ്ററുകൾ ഒഴിവാക്കി പരിസ്ഥിതി സൗഹൃദമായ ബാക്കപ്പ് സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ ചട്ടങ്ങൾ പുതിയ ഭേദഗതിയിലുണ്ട്.

ഭേദഗതി റഗുലേഷനിലെ പ്രധാന മാറ്റങ്ങൾ താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്നു.

| ക്രമ നമ്പർ | സേവന വിഭാഗം | നിലവിലുള്ള നിയമം | ഭേദഗതി വരുത്തിയ നിയമം | നിലവിലെ നഷ്ടപരിഹാര നിരക്ക് | പുതുക്കിയ നഷ്ടപരിഹാര നിരക്ക് |
|---|---|---|---|---|---|
| 1 | സേവന ഗുണനിലവാരം | അടിസ്ഥാനപരമായ ഗുണനിലവാര മാനദണ്ഡങ്ങൾ | 24X7 തടസ്സമില്ലാത്ത വൈദ്യുതി വിതരണം ഉറപ്പാക്കണം. ഡീസൽ ജനറേറ്ററുകൾ ഒഴിവാക്കി ശുദ്ധമായ ഊർജ്ജ ബാക്കപ്പിലേക്ക് മാറാനുള്ള പദ്ധതി സമർപ്പിക്കണം. | | |
| 2 | ഫ്യൂസ് ഓഫ് കോളുകൾ (പുനഃസ്ഥാപിക്കൽ) | നഗരം : 6 മണിക്കൂർ;<br>ഗ്രാമം : 8 മണിക്കൂർ;<br>ദുർഘട പ്രദേശം : 10 മണിക്കൂർ | നഗരം : 4 മണിക്കൂർ;<br>ഗ്രാമം : 6 മണിക്കൂർ;<br>ദുർഘട പ്രദേശം: 8 മണിക്കൂർ | 25 രൂപ | 100 രൂപ |
| 3 | ലൈൻ / കേബിൾ തകരാറുകൾ | നഗരം : 8 മണിക്കൂർ;<br>ഗ്രാമം : 12 മണിക്കൂർ;<br>ദുർഘട പ്രദേശം: 16 മണിക്കൂർ | നഗരം : 6 മണിക്കൂർ;<br>ഗ്രാമം : 8 മണിക്കൂർ;<br>ദുർഘട പ്രദേശം: 12 മണിക്കൂർ | 25 രൂപ | 100 രൂപ |
| 4 | ട്രാൻസ്ഫോർമർ തകരാറുകൾ | നഗരം : 24 മണിക്കൂർ;<br>ഗ്രാമം : 36 മണിക്കൂർ;<br>ദുർഘട പ്രദേശം: 48 മണിക്കൂർ | നഗരം : 18 മണിക്കൂർ;<br>ഗ്രാമം : 24 മണിക്കൂർ;<br>ദുർഘട പ്രദേശം: 36 മണിക്കൂർ | 25 രൂപ | 100 രൂപ |
| 5 | മുൻകൂട്ടി നിശ്ചയിച്ച വൈദ്യുതി തടസ്സത്തിന്റെ പരമാവധി സമയക്രമം | ഷെഡ്യൂൾ ചെയ്ത വൈദ്യുതി മുടക്കം കുറഞ്ഞത് 24 മണിക്കൂർ മുമ്പ് അറിയിച്ചിരിക്കണം. ഇത് ഒരു ദിവസം 10 മണിക്കൂറിൽ കൂടാൻ പാടില്ല. | | 25 രൂപ | 100 രൂപ |

| | | | | |
|---|---|---|---|---|
| 6 | നെറ്റ്‌വർക്ക് വിപുലീകരണം ആവശ്യമില്ലാത്ത സാഹചര്യങ്ങളിലും ട്രാൻസ്ഫോമറിന്റെ പ്രാദേശിക പ്രശ്നങ്ങൾ മൂലമുള്ള വോൾട്ടേജ് വ്യതിയാനങ്ങൾ പരിഹരിക്കുന്നതിലെ പരാജയം | | 25 രൂപ | 200 രൂപ |
| 7 | നെറ്റ്‌വർക്ക് വിപുലീകരണം ആവശ്യമായ സാഹചര്യങ്ങളിൽ വോൾട്ടേജ് വ്യതിയാനങ്ങൾ പരിഹരിക്കുന്നതിലെ പരാജയം | അനുവദനീയമായ വോൾട്ടേജ് പരിധിക്കുള്ളിൽ (LT:±6%, HT: +6% / -9%, EHT: +10% / -12.5%) | 25 രൂപ | 200 രൂപ |
| 8 | സബ്സ്റ്റേഷൻ നിർമ്മാണം ആവശ്യമായ സാഹചര്യങ്ങളിൽ വോൾട്ടേജ് വ്യതിയാനങ്ങൾ പരിഹരിക്കുന്നതിലെ പരാജയം | | 25 രൂപ | 200 രൂപ |
| 9 | നിലവിലുള്ള വിതരണ സംവിധാനത്തിൽ നിന്ന് കണക്ഷൻ നൽകാൻ കഴിയുന്ന സാഹചര്യങ്ങളിൽ പുതിയ കണക്ഷൻ നൽകുന്നതിനുള്ള സമയപരിധി പാലിക്കുന്നതിലെ പരാജയം | പുതിയ കണക്ഷൻ LT-7 ദിവസം; ദുർഘട പ്രദേശങ്ങൾ - 1 മാസം; മെട്രോപോളിറ്റൻ പ്രദേശങ്ങൾ - 3 ദിവസം. | 50 രൂപ | 100 രൂപ |
| 10 | ലോഡ് വർദ്ധിപ്പിക്കുന്നതിനോ കുറയ്ക്കുന്നതിനോ നിശ്ചയിച്ചിട്ടുള്ള സമയപരിധി പാലിക്കുന്നതിലെ പരാജയം | ലോഡ് മാറ്റത്തിനുള്ള ഉത്തരവ് പരിശോധന കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ നൽകണം. | 50 രൂപ | 100 രൂപ |

| | | | | |
|---|---|---|---|---|
| 11 | സർവ്വീസ് കണക്ഷൻ കൈമാറ്റം ചെയ്യുന്നതിനുള്ള സമയപരിധി | കൈമാറ്റം അപേക്ഷ ലഭിച്ച് 15 ദിവസത്തിനുള്ളിൽ ചെയ്യണം. | 50 രൂപ | 100 രൂപ |
| 12 | സർവ്വീസ് കണക്ഷൻ മാറ്റുന്നതിനുള്ള സമയപരിധി | LT1 – phase -3- phase (45 ദിവസം); LT - HT (ചാർജ്ജ് അടച്ച് 120 ദിവസം). | 50 രൂപ | 100 രൂപ |
| 13 | സർവ്വീസ് ലൈനോ ഇലക്ട്രിക്കൽ പ്ലാന്റോ മാറ്റി സ്ഥാപിക്കുന്നതിനുള്ള സമയപരിധി | മീറ്റർ / ലൈൻ - 7 ദിവസം; എൽ.ടി ലൈൻ - 30 ദിവസം; എച്ച്.ടി ലൈൻ - 45 ദിവസം; ട്രാൻസ്ഫോർമർ - 30 ദിവസം. | 25 രൂപ | 100 രൂപ |
| 14 | ഉപയോഗിക്കാത്ത ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള സമയപരിധി | ഉപയോഗിക്കാത്ത ലൈൻ നീക്കം ചെയ്യൽ: 3 മാസത്തിനുള്ളിൽ | 25 രൂപ | 100 രൂപ |
| 15 | കണക്ഷൻ കാറ്റഗറി മാറ്റുന്നതിനുള്ള സമയപരിധി | 7 ദിവസത്തിനുള്ളിൽ പരിശോധന; 15 ദിവസത്തിനുള്ളിൽ തീരുമാനം. | 50 രൂപ | 100 രൂപ |
| 16 | തർക്കത്തിലുള്ള ബില്ലുകളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനുള്ള സമയപരിധി | 3 പ്രവൃത്തി ദിവസത്തിനുള്ളിൽ ബിൽ നൽകണം. | 50 രൂപ | 100 രൂപ |
| 17 | ഉപഭോക്താവിന്റെ അഭ്യർത്ഥനപ്രകാരം വൈദ്യുതി ബന്ധം വിഛേദിക്കുന്നതിനുള്ള സമയപരിധി | ഉപഭോക്താവ് ആവശ്യപ്പെട്ട കാലയളവിലേക്ക് | 50 രൂപ | 100 രൂപ |
| 18 | ബില്ല് അടയ്ക്കാത്തതിനെതുടർന്ന് വിഛേദിച്ച കണക്ഷൻ കുടിശ്ശിക തീർത്തശേഷം വീണ്ടും നൽകുന്നതിനുള്ള സമയപരിധി | പണം അടച്ച് 24 മണിക്കൂറിനുള്ളിൽ | 50 രൂപ | 100 രൂപ |
| 19 | സെക്യൂരിറ്റി ഡിപ്പോസിറ്റ് തുക | കരാർ അവസാനിപ്പിച്ച് 30 ദിവസത്തിനുള്ളിൽ | 50 രൂപ | 100 രൂപ |

| | | | | |
|---|---|---|---|---|
| | തിരികെ നൽകുന്നതിനുള്ള സമയപരിധി | | | |
| 20 | മീറ്ററിലെ തകരാറുകൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള സമയപരിധി | പരാതി ലഭിച്ച് 5 ദിവസത്തിനുള്ളിൽ | 25 രൂപ | 100 രൂപ |
| 21 | തകരാറിലായ എൽ.ടി മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുള്ള സമയപരിധി | 3 പ്രവൃത്തി ദിവസത്തിനുള്ളിൽ | 25 രൂപ | 100 രൂപ |
| 22 | തകരാറിലായ എച്ച്.ടി മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുള്ള സമയപരിധി | 3 പ്രവൃത്തി ദിവസത്തിനുള്ളിൽ | 50 രൂപ | 100 രൂപ |